Draft #1 of File 175293/AD A5-4/2021/AD A 5 Approved by Registrar on 17-Dec-2021 05:17 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നം.175293/AD A5-4/2021/എ ഡി എ 5 തീയതി: 17.12.2021

### വിജ്ഞാപനം

വോക് ഇൻ ഇന്റർവ്യൂ - പ്രൊജക്റ്റ് അസ്സോസിയേറ്റ് (ദിവസ വേതന വ്യവസ്ഥയിൽ താൽക്കാലിക കരാർ നിയമനം)

മഹാത്മാഗാന്ധി സർവകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ നാലാം ഘട്ട 'നാക്' അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന താൽക്കാലിക തസ്തികയിൽ ഒരു വർഷത്തേയ്ക്കോ നാക് അക്രെഡിറ്റേഷൻ നാലാം സൈക്കിൾ പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയിൽ ദിവസ വേതന കരാർ അടിസ്ഥാനത്തിൽ വോക് - ഇൻ - ഇന്റർവ്യൂവിലൂടെ താൽക്കാലിക നിയമനം നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

തസ്തിക : പ്രൊജക്റ്റ് അസ്സോസിയേറ്റ്

ഒഴിവ് : 1 (ഓപ്പൺ കാറ്റഗറി )

യോഗ്യത : ഏതെങ്കിലും വിഷയത്തിലുള്ള എം. എസ് സി. / എം. ടെക് ബിരുദവും, അക്രഡിറ്റേഷൻ ആൻഡ് റാങ്കിങ് ഡോക്യൂമെന്റേഷനിൽ പ്രവൃത്തി പരിചയവും.

വേതനം: സർവ്വകലാശാലാ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനത്തിന് തത്തുല്യമായ വേതനം (യുജിസി യോഗ്യതയുള്ളവർക്ക് പ്രതിദിനം ₹1750/- എന്ന കണക്കിൽ പ്രതിമാസം പരമാവധി ₹43,750/- രൂപയും, നോൺ - യുജിസി യോഗ്യതയുള്ളവർക്ക് പ്രതിദിനം ₹1600/- എന്ന കണക്കിൽ പ്രതിമാസം പരമാവധി ₹40000/- രൂപയും)

വയസ് : 01.01.2021 ൽ 36 വയസ്സ് കവിയരുത്. (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കുന്നതാണ്.)

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന നിശ്ചിത അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് 2021 ഡിസംബർ 20 വൈകിട്ട് 5 മണിക്ക് മുമ്പ് ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്. 'Application for the post of Project Associate' എന്ന് സബ്ജക്ട് ഹെഡ് ചേർത്തായിരിക്കണം ഇ - മെയിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിച്ചവർക്കായി 22/12/2021-ന് ഉച്ചയ്ക്ക് ശേഷം മൂന്ന് മണിക്ക് പ്രൊ-വൈസ് ചാൻസലറുടെ ചേംബറിൽ വെച്ച് വോക് ഇൻ ഇന്റർവ്യൂ നടത്തുന്നതാണ്. അപേക്ഷകർ അഭിമുഖത്തിന് വരുമ്പോൾ പ്രായം(എസ്.എസ്.എൽ.സി), വിദ്യാഭ്യാസ യോഗ്യത (പി.ജി. കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് & ഡിഗ്രി സർട്ടിഫിക്കറ്റുകൾ), പ്രവൃത്തി പരിചയം, ജാതി/ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഹാജരാക്കേണ്ടതാണ്. ടി വോക് - ഇൻ ഇന്റർവ്യൂവിലെ പ്രവേശനം തികച്ചും താൽക്കാലികവും, അപേക്ഷയിൽ ചേർത്തിരിക്കുന്ന വ്യക്തിഗത/ അക്കാദമിക വിവരങ്ങളുടെ അസ്സൽ രേഖകളുടെ പരിശോധനക്ക് വിധേയവുമായിരിക്കും. മേൽപറഞ്ഞ തിയതിക്ക് ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ടി തസ്തികയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥി സർവ്വകലാശാലയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:

1. പബ്ലിക് റിലേഷൻസ് ഓഫീസർ
2. നോട്ടീസ് ബോർഡ്
3. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ